# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി 14)1469/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 18/02/2026
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി 14)1469/2025 തീയ്യതി: 18/02/2026

## തൃശ്ശൂർ ജില്ലയിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-08-2024 മുതൽ 21-10-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റഫി ജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 21-10-2025 | 28-10-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-10-2025 | 28-10-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.നിർമ്മൽ കെ.ജി,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീ.സിജു പി ഡാംസൺ , ഓഡിറ്റ് ഓഫീസർ

ശ്രീമതി.നിലൂഫർ ബി.ഐ., സീനിയർ ഗ്രേഡ് ഓഡിറ്റർ (27/10/2025 വരെ)

ശ്രീമതി.രേഖ ഇ.സി.,സീനിയർ ഗ്രേഡ് ഓഡിറ്റർ)

ശ്രീമതി.റിജുമോൾ, എം.എസ്, ഓഡിറ്റർ (27/10/2025 വരെ)

ശ്രീമതി.പ്രജ്ജല ഇ.ബി. (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| | | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീ.മോഹനൻ എം.എസ് | പ്രസിഡന്റ് | | |
| ശ്രീമതി.രഹന പി.ആനന്ദ് | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സോന ഒ.ടി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീ.അബ്ദുള്ള ബാബു പി.ഐ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ഡോ.പ്രിമ പോൾ.എ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2024 | 30-11-2024 |
| ഡോ.പ്രിൻസി.എസ്. | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-12-2024 | 31-12-2024 |
| ഡോ.പ്രിമ പോൾ.എ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-01-2025 | 21-02-2025 |
| ഡോ.സാനു എം.പരമേശ്വരൻ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 22-02-2025 | 02-03-2025 |
| ഡോ.മാളവിക പ്രകാശ് | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 03-03-2025 | 31-03-2025 |
| ഡോ.സ്വപ്ന ചന്ദ്രൻ | ചീഫ് മെഡിക്കൽ ഓഫീസർ (ഗവ. ആയുർവേദം,ശാന്തിപുരം) | 01-04-2024 | 31-03-2025 |
| ഡോ.ശാലിനൃ പി.ടി | ചീഫ് മെഡിക്കൽ ഓഫീസർ (ഗവ. ആയുർവേദം,പനങ്ങാട്) | 01-04-2024 | 31-03-2025 |
| ഡോ.ലെംസി ഫ്രാൻസിസ് | ചീഫ് മെഡിക്കൽ ഓഫീസർ (ഗവ.ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ.ബീന ജെ.എൻ | വെറ്ററിനറി സർജ്ജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി.ജസീറ ഹമീദ് എൻ.എച്ച് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2024 | 12-08-2024 |
| ശ്രീമതി.ഷീനത്ത്.കെ.പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 13-08-2024 | 31-03-2025 |
| ശ്രീമതി.സജീന ടി. എസ്. | ഹെഡ്മിസ്ട്രസ് | 01-04-2024 | 31-03-2025 |
| ശ്രീമതി.അനുജ സി.ലോനപ്പൻ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.ലീന തോമാസ് | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2024 | 01-09-2024 |
| ശ്രീമതി.സീന അഗസ്റ്റിൻ.പി.എ | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 02-09-2024 | 31-03-2025 |
| ശ്രീമതി. അതുല്യ വി.എസ്. | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ.അഖിൽ എൽ.എസ് | വി ഇ ഒ (പനങ്ങാട് സർക്കിൾ) | 01-04-2024 | 12-12-2024 |
| ശ്രീമതി. സറീന.കെ.എച്ച് | വി ഇ ഒ (പനങ്ങാട് സർക്കിൾ) (ഇൻ-ചാർജ്ജ്) | 13-12-2024 | 31-03-2025 |
| ശ്രീമതി. സറീന.കെ.എച്ച് | വി ഇ ഒ (പി.വെമ്പല്ലൂർ സർക്കിൾ) | 01-04-2024 | 31-03-2025 |
| ശ്രീമതി.ശ്രീലക്ഷ്മി കെ.എസ് | വി ഇ ഒ (ആല സർക്കിൾ) | 01-04-2024 | 07-01-2025 |
| ശ്രീമതി.ഷീന.കെ.എസ് | വി ഇ ഒ (ആല സർക്കിൾ) | 08-01-2025 | 31-03-2025 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | തുക തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി | 1-1-1 |
| 3 | സ്ഥിരനിക്ഷേപങ്ങളുടെ സർട്ടിഫിക്കറ്റുകളുടെ തുകകളും വാർഷിക കണക്കിലെ തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം രേഖപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നി ല്ല | 1-1-4 |
| 6 | കുടിശ്ശിക തുകക്ക് അനുസൃതമായി പ്രൊവിഷൻ രേഖപെടുത്തിയിട്ടില്ല | 1-1-5 |
| 7 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-7 |
| 9 | ജേർണൽ വൗച്ചറുകൾ സംബന്ധിച്ച അപാകങ്ങൾ | 1-1-8 |
| 10 | ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയതിലെ അപാകതകൾ | 1-1-9 |
| 11 | ലൈബ്രറി സെസ്സ് പൊരുത്തമില്ല | 1-1-10 |
| 12 | ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല | 1-1-11 |
| 13 | മറ്റ രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകങ്ങൾ | 1-1-12 |
| 14 | സുലേഖ സ്റ്റേറ്റ്മെന്റിലെ ചെലവും യഥാർത്ഥ ചെലവും വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | ഫണ്ടിനം | 1-3 |
| 17 | പദ്ധതി അവലോകനം | 1-4 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 19 | ക്ഷേമപെൻഷനുകൾ | 1-6 |
| 20 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 22 | പണം അടവ് ,പണം പിൻവലിക്കൽ അപാകങ്ങൾ | 1-9 |
| 23 | ക്രിമിറ്റോറിയം നടത്തിപ്പിലെ അപാകങ്ങൾ | 1-10 |
| 24 | വനിത ജിം നടത്തിപ്പ് | 1-11 |
| 25 | രസീത് ബുക്കുകളുടെ പരിപാലനം - അപാകങ്ങൾ | 1-12 |
| 26 | തൊഴിൽ നികുതി- അപാകങ്ങൾ | 1-13 |
| 27 | വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-14 |
| 28 | ലേല നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 1-15 |
| 29 | വസ്തു നികുതി - ഈടാക്കിയതിൽ കുറവ് | 1-16 |
| 30 | അനധികൃത നിർമ്മാണം ക്രമവൽക്കരിച്ചിട്ടില്ല | 1-17 |
| 31 | വസ്തു നികുതി ഒഴിവാക്കൽ - സർക്കാർ ഉത്തരവ് പാലിച്ചില്ല | 1-18 |
| 32 | തുല്യതാ പരീക്ഷാ ഫീസ് അടവാക്കൽ- വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല | 1-19 |
| 33 | ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല | 1-20 |
| 34 | മരുന്ന് ലഭ്യമാക്കാൻ വേണ്ടി സ്വീകരിച്ച നടപടി വിവരം അറിയിക്കേണ്ടതാണ് | 1-21 |
| 35 | ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല | 1-22 |
| 36 | സുലേഖ സ്റ്റേറ്റ്മെന്റിലെ ചെലവും യഥാർത്ഥ ചെലവും വ്യത്യാസപ്പെട്ടിരിക്കുന്നു | 1-23 |

| | | |
|---|---|---|
| 37 | അനുപൂരക പോഷകാഹാര പദ്ധതി-കേന്ദ്രവിഹിതം ആനുപാതികമായി ചെലവഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു | 1-24 |
| 38 | ദുരിതാശ്വാസ നിധി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ് | 1-25 |
| 39 | കാലാവസ്ഥാ വ്യതിയാനം - പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കേണ്ടതാണ് | 1-26 |
| 40 | വെതർ സ്റ്റേഷൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-27 |
| 41 | സദ്ഭരണ പദ്ധതി - തയ്യാറാക്കേണ്ടതാണ് | 1-28 |
| 42 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-29 |
| 43 | പ്രൊജക്ട്-കോക്ലിയർ ഇംപ്ലാന്റേഷൻ ധനസഹായം | 1-30 |
| 44 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-31 |
| 45 | ഹോളോ റ്റ്യൂബ് പ്രവൃത്തികളിൽ ഉപയോഗിച്ചിട്ടുള്ള സ്റ്റീലിന്റെ ഭാരം കണക്കാക്കുന്നതിലെ അപാകം- 9 പ്രോജക്റ്റുകളിൽ അധിക ചെലവ് 4,72,872 രൂപ തടസ്സപ്പെടുത്തുന്നു | 1-32 |
| 46 | തനത് ഫണ്ട് നേരിട്ട് ഗുണഭോക്താവിന് /ഗുണഭോക്തൃ ഏജൻസിയ്ക്ക് തുക കൈമാറുന്നില്ല - അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നല്കുന്നു | 1-33 |
| 47 | ജലജീവൻ മിഷൻ- അവലോകനം | 1-34 |
| 48 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം | 1-35 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം അടവാക്കൽ -അവലോകനം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |
| 4 | ഹോളോ റ്റ്യൂബ് ഉപയോഗിച്ചിട്ടുള്ള സ്റ്റീലിന്റെ ഭാരം കണക്കാക്കുന്നതിലെ അപാകം- 9 പ്രോജക്റ്റുകളിൽ അധിക ചെലവ് 4,72,872 രൂപ കണക്കാക്കിയതിന്റെ വിശദവിവരം | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 30.07.2025 ലെ 3(1) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 31.07.2025 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2 .C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം: തൃശ്ശൂർ**

**തീയതി :18.02.2026**

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ**

### 1-1-1 തുക തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി

2024-25 വർഷത്തിൽ നടപ്പാക്കിയ വിവിധ പ്രൊജക്ടുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിന് തുക മുൻകൂർ കൈമാറിയിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകുമ്പോൾ ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ രേഖപ്പെടുത്തുകയും സാധനങ്ങൾ ലഭിക്കുമ്പോൾ മാത്രം ആയത് ചെലവായി/ആസ്തിയായി ക്രമീകരിക്കുകയും ചെയ്യുന്നതിന് പകരം മുൻകൂർ നൽകിയ തുക ചെലവ്/ആസ്തി ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു..

| പ്രോജക്ട് നമ്പർ പേര് | വൗച്ചർ നം/ തിയതി | തുക /ഫണ്ടിനം | ലഭിച്ച മരുന്നുകളുടെ/ സാധനങ്ങളുടെ വില | ലഭിക്കാനുള്ള മരുന്നുകളുടെ/ സാധനങ്ങളുടെ വില | ചെലവ് രേഖപ്പെടുത്തിയ ശീർഷകം |
|---|---|---|---|---|---|
| 99/25ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ | 42401705/ 16-11-2024 | 3,00,000(Maintenance Fund - Non-Road) | 2,72,624 | 27,376 | 251110208-Medical Institution-Homoeo-Purchase Of Medicines In Health Institutions |
| | 42401813/ 28-01-2025 | 3,00,000 (Maintenance Fund - Non-Road) | 2,07,370 | 92,630 | |

### 1-1-2 സ്ഥിരനിക്ഷേപങ്ങളുടെ സർട്ടിഫിക്കറ്റുകളുടെ തുകകളും വാർഷിക കണക്കിലെ തുകകളും പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 പ്രകാരം 31.03.2025 തീയതിയിൽ പഞ്ചായത്തിന് 3,82,06,271 രൂപയുടെ സ്ഥിരനിക്ഷേപം രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ സ്ഥിരനിക്ഷേപങ്ങളുടെ ഭൗതിക പരിശോധന നടത്തിയതിൽ നിക്ഷേപ സർട്ടിഫിക്കറ്റിലെ തുകകളുമായി പ്രസ്തുത തുക പൊരുത്തപ്പെടുന്നില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്ന

| ക്രമ നം. | ബാങ്ക് | എഫ്. ഡി നം. | സ്ഥിര നിക്ഷേപം തുടങ്ങി തീയതി | സ്ഥിര നിക്ഷേപം അവസാനിക്കുന്ന തീയതി | തുക | പലിശ ശതമാനം (പ്രതി വർഷം) |
|---|---|---|---|---|---|---|
| 1 | Ala Service Co-Operative Bank | 132-146 (15) | 16.07.24 | 16.07.25 | 1,25,382x15 =18,80,730 | 8.75 |
| 2 | Ala Service Co-Operative Bank | 786 | 24.07.24 | 24.07.25 | 21,40,927 | 8.75 |
| 3 | Vemballur Service Co-Operative Bank | 18640-18666 (27) | 19.07.24 | 19.07.25 | 1,25,382X27 =33,85,314 | 8.75 |
| 4 | Vemballur Service Co-Operative Bank | 16433 (1) | 10.05.24 | 10.05.25 | 15,74,464 | 8.25 |
| 5 | Vemballur Service Co-Operative Bank | 13854 | 14.07.24 | 14.07.25 | 22,16,410 | 8.25 |
| 6 | Vemballur Service Co-Operative Bank | 14259 | 17.02.24 | 17.02.25 | 19,92,305 | 9 |
| 7 | Vemballur Service Co-Operative Bank | 14054 (1) | 24.07.24 | 24.07.25 | 21,28,012 | 8.75 |
| 8 | Vemballur Service Co-Operative Bank | 17252 (1) | 20.03.24 | 20.03.25 | 7,78,092 | 8.75 |
| 9 | The Poovathumkadavu Famers Service Co-Operative Bank | 73028-73042 (15) | 25.07.24 | 25.07.25 | 2,33,194X15 =34,97,910 | 8.25 |
| 10 | The Poovathumkadavu Famers Service Co-Operative Bank | 10021008177920-0100210077949 (30) | 1.06.24 | 1.06.25 | 77,260x30= 23,17,800 | 8.25 |
| 11 | The Poovathumkadavu Famers Service Co-Operative Bank | 400210030410 (1) | 25.07.24 | 25.07.25 | 24,00,657 | 8.75 |

| | | | | | | |
|---|---|---|---|---|---|---|
| 12 | The Poovathumkadavu Famers Service Co-Operative Bank | -100210081896-100210081915 (20) | 16.07.24 | 16.07.25 | 1,35,102x20= 27,02,040 | 8.25 |
| 13 | The Poovathumkadavu Famers Service Co-Operative Bank | 300210155077 (1) | 10.03.24 | 10.03.25 | 49,40,308 | 9 |
| 14 | The Poovathumkadavu Famers Service Co-Operative Bank | 300210154784 (1) | 25.07.24 | 25.07.25 | 23,78,634 | 8.25 |
| 15 | The Poovathumkadavu Famers Service Co-Operative Bank | 300210152336 (1) | 8.05.24 | 8.05.25 | 52,37,208 | 8.25 |
| 16 | Kerala Gramin Bank | 4026442100015 (1) | 2.08.24 | 2.08.25 | 3,53,524 | 6.25 |
| 17 | Kerala Gramin Bank | 40264202100060 (1) | 23.03.24 | 23.03.25 | 7,13,135 | 6.25 |
| 18 | The Nattika Firka Co-Operative Rural Bank | 14004006909 (1) | 25.10.24 | 25.10.25 | 21,50,767 | 8.25 |
| | | | | Total | 4,27,88,237 | |
| | | | | | | |

സ്ഥിരനിക്ഷേപത്തിന്റെ വൗച്ചറുകൾ,സ്ഥിരനിക്ഷേപ രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല.

വാർഷിക കണക്കുകൾ തയ്യാറാക്കുമ്പോൾ മേൽ പരാമർശിച്ച സ്ഥിര നിക്ഷേപ തുകകൾ, പലിശ, എന്നിവ കൃത്യമായി രേഖപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്. സ്ഥിരനിക്ഷേപത്തിന്റെ രശീതികൾ, സ്ഥിരനിക്ഷേപ രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്.

2025-26 വർഷത്തെ വാർഷിക കണക്കുകൾ തയ്യാറാക്കുമ്പോൾ മേൽ പരാമർശിച്ച അപാകം പരിഹരിക്കേണ്ടതും, പട്ടികയിൽ ചേർത്തിട്ടുള്ള പലിശനിരക്ക് പ്രകാരം 31.03.25 വരെ സ്ഥിരനിക്ഷേപ പലിശയിനത്തിൽ ലഭിക്കുന്ന തുക കൂടി ഉൾപ്പെടുത്തി സ്ഥിരനിക്ഷേപത്തിന്റെ തുക വാർഷിക കണക്കിൽ ക്രമീകരിക്കേണ്ടതുമാണ്.

## 1-1-3 പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം രേഖപ്പെടുത്തിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | 31.03.2025 തീയതിയിലെ തുക |
|---|---|---|---|
| 1 | 450210101 | IDBI40789 Biodiversity Management Fund(240789) | 2,42,551 |
| 2 | 450210101 | SBI (55925) | 2,99,551 |
| 3 | 450210106 | Treasury Account Of | 903 |

| | | | |
|---|---|---|---|
| | | Covid-CFLTC STSB (5966) | |
| 4 | 450210102 | PFSCB/CFLTC(09454) | 8,080 |

മേൽ പരാമർശിച്ച അക്കൗണ്ടിലെ തുകകൾ 2025-26 വർഷത്തിൽ സ്ഥാപനത്തിന്റെ ബാധ്യതയായി ക്രമീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 13/27.10.2025)

### 1-1-4 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നി ല്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4/ബി-2 പ്രകാരം പ്രത്യേകോദ്ദേശ്യ തുകകൾ എന്ന ഇനത്തിൽ ചെലവഴിക്കാൻ 31.03.2025-ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31.03.2025-ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320200104 | Developement Fund CFC Basic Tax Grant | 1,01,57,614 | 450210101 | HDFC Finance Commission Grant (50100407700226) | 1,29,98,951 |
| | 320200113 | Developement Fund CFC - Tied Fund | 2,10,70,383 | | | |
| | | | 3,12,27,997 | | | |
| 2 | 320100181 | Total Sanitation Campaign | 14,23,370 | 450210101 | IDBI41014SBM Phase (241014) | 0 |
| | 320100182 | Total Sanitatipon Scheme | 7,03,000 | | | |
| | 320100198 | Grant From Suchitwa Mission | 20,684 | | | |
| | | | 21,47,054 | | | |

2025-26 സാമ്പത്തിക വർഷത്തിൽ മേൽ പരാമർശിച്ച അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളും അതിനോടനുബന്ധിച്ച ബാധ്യത ശീർഷകത്തിലെ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും തുല്യമായി ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 13/27.10.2025)

### 1-1-5 കുടിശ്ശിക തുകക്ക് അനുസൃതമായി പ്രൊവിഷൻ രേഖപെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ (റെസിഡൻഷ്യൽ & നോൺറെസിഡൻഷ്യൽ) 6,18,789 രൂപ കുടിശ്ശിക ഉണ്ട്. .എന്നാൽ നികുതി, നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58 (4) എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ഓഡിറ്റ് എൻക്വയറി നമ്പർ 13/27.10.2025)

### 1-1-6 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 66,07,803 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,33,07,042 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാര മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-7 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

### 1-1-8 ജേർണൽ വൗച്ചറുകൾ സംബന്ധിച്ച അപാകങ്ങൾ

എ) അക്ക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല

2024-25ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ സംബന്ധിച്ച് സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവ പ്രതിമാസം സെക്രട്ടറി തയ്യാറേക്കേണ്ടതും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന വാർഷിക കണക്കിൽ ചേർക്കേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2024-25 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി-നികുതിയേതര വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2024-25 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഓരോ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വരുമാന ശീർഷകം | ജേണൽ വൗച്ചർനം./ തീയതി | ഒറ്റത്തവണയായി/രണ്ട് തവണയായി ഡിമാന്റ് രേഖപ്പെടുത്തിയ തുക |
|---|---|---|
| 110100101-Property Tax On Residential Buiding | 42402050/ 31.03.2025 | 5,370,733 |
| 110100102-Property Tax On Non Residential Buiding | 42402058/ 31.03.2025 | 3,930,556 |
| 140110101-Licence Fees For Factories, Traders, Entepreneuors And Other Services | 42402111/ 31.03.2025 | 2,60,000 |
| 110200105-Profession Tax-Traders | 42402112/ 31.03.2025 | 4,41,050 |
| 110200101-Profession Tax-Institutions | 42402113 / 31.03.2025 | 95,800 |

ബി) <u>ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.</u>

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, 2011, ചട്ടം 7). ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## <u>1-1-9 ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയതിലെ അപാകതകൾ</u>

എ) താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. (കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 57)

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് നമ്പർ | റീകൺസീലിയേഷൻ തയ്യാറാക്കാത്ത മാസങ്ങൾ |
|---|---|---|---|
| 1 | Canara Bank National Literacy Mission | 110080698720 | ആഗസ്ററ് മുതൽ മാർച്ച് വരെ |
| 2 | IDBI 40789 BIO DIVERSITY MANAGEMENT FUND | 0269104000240789 | സെപ്തംബർ മുതൽ മാർച്ച് വരെ |
| 3 | PFSCB/CFLTC | POO0100220009454 | ഏപ്രിൽ മുതൽ മാർച്ച് വരെ |
| 4 | SUB TREASURY 135 | 799013100000135 | മാർച്ച് |
| 5 | Treasury Account Of Covid | Treasury Account Of Covid | ഏപ്രിൽ മുതൽ മാർച്ച് വരെ |
| 6 | Treasury Account Of Covid - CFLTC STSB | 799011400005966 | മാർച്ച് |

| | | | | | |
|---|---|---|---|---|---|
| | 7 | Z-KERALA GRAMIN BANK/SUCHITWA MISSION | 40264101079973 | മെയ് മുതൽ മാർച്ച് വരെ | |

## 1-1-10 ലൈബ്രറി സെസ്സ് പൊരുത്തമില്ല

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക്, സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവ പ്രകാരം 5,01,759 രൂപയാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന " 431910101 State Govt Cesses/Levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് 5,05,438 രൂപയാണ്.

## 1-1-11 ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-12 മറ്റു രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകങ്ങൾ

എ) ലെഡ്ജർ ബാലൻസുകളും ആ ലെഡ്ജറുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58 (2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഒന്നും തന്നെ പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും ലെഡ്ജറുകളുമായി മാസാന്ത്യ പൊരുത്തപ്പെടുത്തൽ നടത്തുകയും ചെയ്യുന്നില്ല.

ബി) സ്റ്റോക്ക് രജിസ്റ്റർ ,അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ,ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ,ലോൺ രജിസ്റ്റർ , ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-1-13 സുലേഖ സ്റ്റേറ്റ്മെന്റിലെ ചെലവും യഥാർത്ഥ ചെലവും വ്യത്യാസപ്പെട്ടിരിക്കുന്നു

മെഡിക്കൽ ഓഫീസർ (എഫ്. എച്. സി.) നടപ്പിലാക്കിയ 2024-25 ലെ താഴെ ചേർത്തിരിക്കുന്ന പദ്ധതികളുടെ ചെലവുകൾ പരിശോധിച്ചതിൽ യഥാർത്ഥ ചെലവുകളും സുലേഖ പ്രകാരമുള്ള ചെലവുകളും വ്യത്യാസപ്പെട്ടിരിക്കുന്നു.

| **പ്രൊജക്റ്റ്** | **ഫണ്ട് അടങ്കൽ** | **സുലേഖ പ്രകാര മുള്ള ചെലവ്** | **വാർഷിക കണക്ക് പ്രകാര മുള്ള ചെലവ്** | വ്യത്യാസം | **കുറിപ്പുകൾ** |
|---|---|---|---|---|---|
| കാൻ തൃശ്ശൂർ (318/25) | 1,00,000 തനത് ഫണ്ട് | 0 | 95,578 | 95,578 | HMC യിലേക്ക് തുക റീ-ക്ലപ്പ് ചെയ്ത് കിട്ടി |
| ആർദ്രം പദ്ധതി (319/25) | വികസന ഫണ്ട് (പൊതുവിഭാഗം) 8,30,000 | 4,03,800 | 6,83,686 | 2,79,886 | യഥാർത്ഥ ചെലവുകളും സുലേഖ പ്രകാരമുള്ള ചെലവുകളും വ്യത്യാസ പ്പെട്ടിരിക്കു ന്നതായി കാണുന്നു. |
| ആരോഗ്യസുസ്ഥിതി (244/25) | ഹെൽത്ത് ഗ്രാന്റ് 1,05,000 | 64,800 | 86,500 | 21,700 | യഥാർത്ഥ ചെലവുകളും സുലേഖ പ്രകാരമുള്ള ചെലവുകളും വ്യത്യാസ പ്പെട്ടിരിക്കു |

| | | | | | |
|---|---|---|---|---|---|
| | | | | | ന്നതായി കാണുന്നു. |
| ആരോഗ്യ ഗ്രാന്റിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ (250/25) | ഹെൽത്ത് ഗ്രാന്റ് 1,16,950 | 90,720 | 96,561 | 5,841 | യഥാർത്ഥ ചെലവുകളും സുലേഖ പ്രകാരമുള്ള ചെലവുകളും വ്യത്യാസ പ്പെട്ടിരിക്കു ന്നതായി കാണുന്നു. |
| റീ ഏജന്റ് പരിശോധന കിറ്റ് മുതലായവ (251/25) | ഹെൽത്ത് ഗ്രാന്റ് 2,34,355 | 1,52,464 | 2,34,355 | 81,891 | യഥാർത്ഥ ചെലവുകളും സുലേഖ പ്രകാരമുള്ള ചെലവുകളും വ്യത്യാസ പ്പെട്ടിരിക്കു ന്നതായി കാണുന്നു. |
| നാഷണൽ പ്രോഗ്രാമിന്റെ നടത്തിപ്പിന് (236/25) | തനത് ഫണ്ട് 25,000 | 16,830 | 15,630 | 1,200 | 1,200 രൂപയുടെ ബിൽ ക്യാൻസൽ ചെയ്തതാണ്. എന്നാൽ സുലേഖയിൽ ചെലവായി ഉൾപ്പെട്ടിരിക്കുന്നു. |

## 1-2 ബജറ്റ്

| | | |
|---|---|---|
| പാസാക്കിയ തിയതി | 09/02/2024 | |
| കമ്മിറ്റി തീരുമാനം | 1(1) | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ സംബന്ധിച്ച് | വരവ് | ചെലവ് |
| | 42,10,78,618 | 41,59,43,245 |
| റിവൈസ്ഡ് ബജറ്റ് | | |
| പാസാക്കിയ തിയതി | 07/03/2025 | |
| കമ്മിറ്റി തീരുമാനം | 1(1) | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ സംബന്ധിച്ച് | വരവ് | ചെലവ് |
| | 44,60,12,250 | 44,59,55,245 |

## 1-3 ഫണ്ടിനം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 3,88,84,000 | 3,88,84,000 | 3,8807583 | 76,417 |
| വികസനഫണ്ട്-എസ് സി പി | 0 | 1,21,16,000 | 1,21,16,000 | 1,21,16,000 | 0 |
| വികസനഫണ്ട്-ടി എസ് പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് റോഡ് | 0 | 1,84,04,000 | 1,84,04,000 | 1,61,01,868 | 23,02,132 |
| മെയിന്റനൻസ്-നോൺറോഡ് | 0 | 1,32,90,000 | 1,32,90,000 | 1,07,47,605 | 25,42,395 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് | ബാങ്ക് | 25,63,040 | 1,36,17,500 | 1,61,80,540 | 99,06,869 | 62,73,671 |
| | ട്രഷറി | 0 | 3,73,024 | 3,73,024 | 2,02,493 | 1,70,531 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – അൺടൈഡ് ബേസിക് | ബാങ്ക് | 69,68,013 | 70,63,656 | 1,40,31,663 | 90,14,052 | 50,17,611 |
| | ട്രഷറി | 0 | 2,25,041 | 2,25,041 | 2,05,000 | 20,041 |
| ICDS | | 36,52,989 | 37,27,193 | 73,80,182 | 5,00,000 | 68,80,182 |
| Rural Housing | | 12,70,098 | 2,38,85,876 | 2,51,55,974 | 2,19,60,000 | 31,95,974 |
| TSC | | 14,23,370 | 0 | 0 | 0 | 14,23,370 |
| Suchita Mission | | 20,684 | 0 | 20,684 | 0 | 20,684 |
| Funds For Transferred Institution-Others | | 400 | 0 | 400 | 0 | 400 |
| Total Sanitation Scheme | | 7,03,000 | 0 | 70,300 | 0 | 70,300 |
| Grants &Funds-Other Govt. Agencies | | 1,94,712 | 4,50,880 | 6,45,592 | 0 | 6,45,592 |
| Grants &Funds-Other Financial Institution | | 11,314 | 0 | 11,314 | 0 | 11,314 |
| Literacy | | 312 | 0 | 312 | 0 | 312 |
| Contribution For Joint Venture (From District Panchayath) | | 8,95,823 | 6,41,109 | 15,36,932 | 6,41,109 | 8,95,823 |
| Health Grant Diagnostic Infra Structure | | 6,57,986 | 10,06,093 | 16,64,079 | 10,86,986 | 5,77,093 |
| Health Grant Subcentre | | 5 | 0 | 5 | 0 | 5 |
| Health Grant Wellness | | 5,69,915 | 7,68,171 | 13,38,086 | 3,22,806 | 10,15,280 |

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 286 | 24,21,40,854 | 236 | 15,34,32,628 | 63.36 | 82.51 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2,428 | 24,22,033 | 24,24,461 | 9,37,729 | 14,86,732 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,58,08,418 | 3,58,08,418 | 3,58,08,418 | 0 |
| മെറ്റീരിയൽ കോസ്റ്റ് | 0 | 6,49,000 | 6,49,000 | 6,49,000 | 0 |
| ആകെ | 2,428 | 3,88,79,451 | 3,88,81,879 | 3,73,95,147 | 14,86,732 |

## 1-6 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 37,98,000 | 2425 |
| വിധവാ പെൻഷൻ | 2,79,53,500 | 19867 |
| വാർദ്ധക്യകാല പെൻഷൻ | 5,19,92,000 | 36696 |
| വികലാംഗപെൻഷൻ | 76,81,400 | 5045 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 16,48,400 | 1075 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90,000 | 3 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.10.2025 തീയതിയിൽ 3.10 PM ന് നടത്തുകയുണ്ടായി. പരിശോധനയിൽ 24,452 രൂപ ക്യാഷ് കൗണ്ടർ ബാലൻസും 25.10.25ലെ EPOS മെഷീൻ വരവ് 2,000 രൂപ കൂടി അന്നത്തെ ഡേബുക്ക് ക്യാഷ് ബാലൻസ് 26,452 രൂപ ആണ്. എന്നാൽ 25.10.25ലെ ക്യാഷ് ബുക്ക് പ്രകാരം അന്നത്തെ ബാലൻസ് 10,585 രൂപയാണ്. ഇതിന് കാരണമായി വരുന്നത് ക്യാഷ്ബുക്കിലെ 15,867 രൂപയുടെ നെഗറ്റീവ് ബാലൻസ് ആണ്. .26.09.2025 മുതൽ ക്യാഷ്ബുക്കിൽ 15,867 രൂപയുടെ നെഗറ്റീവ് ബാലൻസ് കാണുന്നുണ്ട്. 25.09.2025ലെ ക്യാഷ് ബുക്ക് ക്ലോസിങ് ബാലൻസ് 5,34,313 രൂപയും, 26.09.2025 ലെ കൗണ്ടർ ക്യാഷ് തുകയായ 2,42,381 രൂപയും കൂടി കൂട്ടിയ 7,76,694 കോണ്ട്രാ എൻട്രി ഇടുന്നതിനു പകരം തെറ്റായി 7,92,561 കോൺട്രാ എൻട്രി ആയി ക്യാഷ് ബുക്കിൽ ക്രെഡിറ്റ് ചെയ്തു. ഈ വ്യത്യാസം (7,92,561-7,76,694=15,867)ആണ് നെഗറ്റീവ് ബാലൻസ് ആയി ക്യാഷ്ബുക്കിൽ കാണുന്നത് .

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നം.12/27.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ക്യാഷ്ബുക്കിലെ ഈ പിഴവുകൾ ശരിയാക്കിയശേഷം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 പണം അടവ് ,പണം പിൻവലിക്കൽ അപാകങ്ങൾ

പണം അടവ്, പണം പിൻവലിക്കൽ, ഡേ ബുക്ക്, ബാങ്ക്സ്റ്റേറ്റ്മെന്റ്, ബിൽ രജിസ്റ്റർ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു .

1.പഞ്ചായത്തിന്റെ തനത് ഫണ്ട് സൂക്ഷിക്കുന്നത് പൂവത്തും കടവ് ഫാർമേഴ്സ് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലാണ് (അക്കൗണ്ട് നമ്പർ 0100220009391). കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 23 പ്രകാരം പിരിച്ചെടുത്ത തുകകൾ അതേ ദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബാങ്ക് / ട്രെഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിന്റെ ഡേ ബുക്ക് പരിശോധിച്ചതിൽ കൗണ്ടർ ക്യാഷ് കളക്ഷൻ വന്ന തുകകൾ പല ദിവസങ്ങളിലും, അതേ ദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബാങ്കിൽ അടവാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | കളക്ഷൻ തുക | കളക്ഷൻ തിയ്യതി | ബാങ്കിൽ അടവുവന്നിരിക്കുന്ന തിയ്യതി |
|---|---|---|---|
| 1. | 2,232 | 11.04.2025 | 19.04.2025 |
| 2. | 13,152 | 15.04.2025 | 19.04.2025 |
| 3. | 30,410 | 16.04.2025 | 19.04.2025 |
| 4. | 62,627 | 23.08.2025 | 26.08.2025 |
| 5.* | 16,433 | 18.10.2025 | 22.10.2025 |

* 21.10.2025 ന് കൗണ്ടർ കളക്ഷൻ തുകയായ 6,155 രൂപ അതേ ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും എന്നാൽ 18.10.2025 ലെ കളക്ഷൻ തുകയായ 16,433 രൂപ 22.10.2025 നാണു ബാങ്കിൽ അടവാക്കിയിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 23 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും അപാകങ്ങൾ ആവർത്തിക്കാതിരിക്കേണ്ടതുമാണ്.

3. തനത് ഫണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റിൽ, പണം പിൻവലിക്കലുകൾക്കു ആധാരമായിട്ടുള്ള ചെക്ക് നമ്പർ രേഖപ്പെടുത്തുന്നില്ല. ചെക്ക് ഇഷ്യൂ രജിസ്റ്റർ പരിപാലിക്കുകയോ ബിൽ രെജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുകയോ ചെയ്യുന്നില്ല. ബിൽ രെജിസ്റ്റർ പരിശോധിച്ചതിൽ 134979, 134980, 134987, 134990, 142647, 142664, 142665, 142665, 142668, 142670, 114058, 114060 എന്നി ചെക്ക് നമ്പറുകൾ വഴി പണം പിൻവലിച്ചതായോ ക്യാൻസൽ ചെയ്തതായോ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ മേൽ ചെക്കുകൾ ദുരുപയോഗം ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്താനായിട്ടില്ല. ബാങ്ക് സ്റ്റെമെന്റിൽ പണം പിൻവലിക്കലുകൾക്കു ആധാരമായിട്ടുള്ള ചെക്ക് നമ്പറുകൾ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ബിൽ രജിസ്റ്റർ

കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ് .
(ഓഡിറ്റ് എൻക്വയറി നം. 15/27.10.2025)

## 1-10 ക്രിമിറ്റോറിയം നടത്തിപ്പിലെ അപാകങ്ങൾ

2025 മാർച്ചിൽ ഉദ്ഘാടനം നടത്തിയ മൊബൈൽ ക്രിമിറ്റോറിയം സാങ്കേതിക കാരണങ്ങളാൽ 2025 ഓഗസ്റ്റിലാണ് പ്രവർത്തനം തുടങ്ങിയത്. ശവസംസ്കാരം നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉള്ളവരിൽ നിന്ന് 5,500 രൂപയും പഞ്ചായത്ത് പരിധിക്ക പുറത്തുള്ളവരിൽ നിന്നും 5,500 രൂപയും വാഹന ഇന്ധനചിലവും ഉൾപ്പെടെ ഫീസായി വാങ്ങുന്നതിന് അടിയന്തിരമായി ബൈലോ തയ്യാറാക്കി അടുത്ത കമ്മിറ്റിയിൽ അംഗീകാരം വാങ്ങുന്നതിന് 27.02.2025 ന്റെ അടിയന്തിര യോഗത്തിൽ (9/1, 9/2 നമ്പർ തീരുമാനം) തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ബൈലോ ലഭ്യമായിട്ടില്ല. 20.08.2025നാണ് ആദ്യത്തെ ശവസംസ്കാരം നടന്നിട്ടുള്ളത്. ആകെ 16 ശവസംസ്കാരങ്ങൾ ആണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. രജിസ്റ്ററിൽ ഫീസായി 5,500 രൂപക്കു പകരം 4,700 രൂപയാണ് വരവ് ആയി രേഖപ്പെടുത്തിയിരിക്കുന്നത്. 08.09.2025-ന വരവ് വന്നതിന്റെ തുക 3,200 എന്നാണ് കാണിച്ചിരിക്കുന്നത്. അതിദാരിദ്ര്യകുടുംബം എന്നും ബ്രാക്കറ്റിൽ കാണിച്ചിട്ടുണ്ട്. രജിസ്റ്ററിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉള്ളവരാണോ അതോ പരിധിക്ക പുറത്തുള്ളവരാണോ എന്ന് രേഖപ്പെടുത്തിയിട്ടില്ല. ഈ അപാകങ്ങൾ സൂചിപ്പിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ: 10/27.10.2025) യ്ക്ക് മൊബൈൽ ക്രിമിറ്റോറിയം മാർച്ച് 2025ന ഉദ്ഘാടനം നടത്തി എങ്കിലും ക്രിമിറ്റോറിയത്തിനുള്ള വാതക കണക്ഷൻ ലഭിച്ചത് ആഗസ്റ്റ് മാസത്തിലാണെന്നും ക്രിമിറ്റോറിയത്തിന്റെ ബൈലോ അംഗീകരിച്ച് ലഭ്യമായിട്ടില്ലെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ശവസംസ്കാരം നടത്തുന്ന സമയത്തു ഒരു സഹായിയുടെ ആവശ്യം ഉണ്ടെന്നും ആ സഹായിക്കുള്ള സർവീസ് ചാർജ് (800 രൂപ) കൂടി ഉൾപ്പെട്ട തുകയാണ് 5,500 എന്നും, ഈ സർവീസ് ചാർജ് നൽകിയതിന് ശേഷമുള്ള തുകയാണ് രജിസ്റ്ററിൽ വരവ് കാണിച്ചിരിക്കുന്നത് എന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ഇത് കമ്മിറ്റി തീരുമാനങ്ങൾക്കനുസൃതമായാണോ നടപ്പിലാക്കിയത് എന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. അതിദരിദ്രർക്ക് 1,500 രൂപ കുറവാക്കിയും BPL കുടുംബമാണെങ്കിൽ 500 രൂപ കുറവാക്കിയുമുള്ള കമ്മിറ്റി തീരുമാനം മറുപടിക്കൊപ്പം ലഭ്യമാക്കിയിട്ടുണ്ട്. രജിസ്റ്ററിലെ അപാകങ്ങൾ പരിഹരിച്ച് കൃത്യമായി സൂക്ഷിക്കാമെന്നും അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 വനിത ജിം നടത്തിപ്പ്

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന She Spark Gym വനിത ജിമ്മിന്റെ ബൈലോ, വനിത ജിം പ്രവർത്തനം തുടങ്ങിയ തിയ്യതി, അഡ്മിഷൻ ഫീസ്, പ്രതിമാസ ഫീസ്, വനിത ജിം Trainer റുടെ ഓണറേറിയം എന്നിവ അംഗീകരിച്ചു കൊണ്ടുള്ള കമ്മിറ്റി തീരുമാനങ്ങൾ, ജിംനേഷ്യവുമായി ബന്ധപെട്ട കളക്ഷൻ രജിസ്റ്റർ, ആയതിന്റെ രസീത് ബുക്ക് എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു എങ്കിലും ഹാജരാക്കിയില്ല.
ജിംനേഷ്യവുമായി ബന്ധപെട്ട ഒരു കളക്ഷൻ രജിസ്റ്റർ മാത്രമാണ് ലഭിച്ചത്. അതിൽ അഡ്മിഷൻ ഫീസ് ആയി 100 രൂപയും പ്രതിമാസ ഫീസ് ആയി 350 രൂപയുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ തുകകൾ വാങ്ങുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ് എന്നത് വ്യക്തമല്ല. ജിം ഫീസ് കളക്ഷൻ നടത്തുന്നതിന് രസീത് ബുക്കുകൾ ഇഷ്യൂ ചെയ്തിട്ടില്ല. രസീത് നൽകാതെയാണ് ജിമ്മിൽ ഫീസ് ഈടാക്കുന്നത്. ഫീസ് ഈടാക്കുന്നത് രസീത് ബുക്കിൽ രേഖപ്പെടുത്തുകയോ കളക്ഷൻ രജിസ്റ്റർ കൃത്യമായി രേഖപെടുത്തലുകൾ വരുത്തി, ഡെയിലി കളക്ഷൻ പഞ്ചായത്തിൽ അടവു വരുത്തി ഡി.സി.ബി. സ്റ്റേറ്റ്മെന്റ് കളക്ഷൻ രജിസ്റ്ററിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 11/27.10.2025) യ്ക്ക് ബൈലോക്ക് ഭരണസമിതിയുടെ അംഗീകാരം ലഭിച്ചെങ്കിലും പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിൽ നിന്നും അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാലാണ് രസീത് ബുക്ക് വഴി വരവ് ഈടാക്കാത്തതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പ്രവേശന ഫീസ്, പ്രതിമാസ ഫീസ് എന്നിവ നിശ്ചയിച്ചത് കമ്മിറ്റി തീരുമാനപ്രകാരമാണോ എന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 20 പ്രകാരം പണം സ്വീകരിച്ചതിന് രസീതുകൾ നൽകേണ്ടതും അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

മേൽ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 രസീത് ബുക്കുകളുടെ പരിപാലനം - അപാകങ്ങൾ

പഞ്ചായത്തിന്റെ രസീത് ബുക്കുകൾ കളക്ഷൻ രജിസ്റ്ററുമായി പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. രസീത് ബുക്ക് നമ്പർ 23596, 23597 എന്നീ രസീത് ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
ഓഡിറ്റ് റിക്വിസിഷൻ നൽകിയിട്ടും (നം. 1/23.10.2025) രസീതിബുക്കുകൾ ലഭ്യമായില്ല. ഈ രസീതി ബുക്കുകൾ വെറ്ററിനറി സർജൻ Dr.ബീനക്ക് 27.12.2024ന് ഇഷ്യൂ ചെയ്തിട്ടുള്ളതാണ്. വെറ്ററിനറി സർജനോട് അന്വേഷിച്ചതിൽ രസീതിബുക്കുകൾ പഞ്ചായത്ത് ഓഫീസിൽ 08.04.2025ന് തിരിച്ചേൽപ്പിച്ചു എന്ന മറുപടിയാണ് ലഭ്യമാക്കിയത്. കൂടാതെ തിരിച്ചേല്പിച്ചതിന്റെ കൈപ്പറ്റ് രസീതിയും ലഭ്യമാക്കിയിട്ടുണ്ട്.
2. രസീത് ബുക്ക് നമ്പർ 23599, 23601, 23593 എന്നിവയിലെ രസീതുകൾ എഴുതിയപ്പോൾ ഡബിൾ സൈഡഡ് കാർബൺ പേപ്പർ ഉപയോഗിച്ചിട്ടില്ല. സാമ്പത്തികവർഷം അവസാനിക്കുമ്പോൾ രസീതി ബുക്കുകളിലെ ബാലൻസ് രസീതികൾ ക്യാൻസൽ ചെയ്തിട്ടില്ല. ഇവയുടെ കളക്ഷൻ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
ഈ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ : 9/27.10.2025) മറുപടി ലഭ്യമായില്ല. മേൽ അപാകതകൾ പരിഹരിച്ചും ലഭ്യമാക്കാത്ത രസീത് ബുക്കുകൾ, കളക്ഷൻ രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി- അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 (1) പ്രകാരം ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികൾ, പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ അഥവാ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചു കൊണ്ട് പഞ്ചായത്തിനു വെളിയിലോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടവർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു

1) അർദ്ധ വാർഷിക വരുമാനം കണക്കാക്കുന്നതിനുള്ള രേഖകൾ സൂക്ഷിക്കുന്നില്ല

തൊഴിൽ നികുതി ഈടാക്കുന്നതു സംബന്ധിച്ച 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ പ്രധാന വ്യവസ്ഥകൾ ഇപ്രകാരമാണ്.

(I) ചട്ടം (3) പ്രകാരം തൊഴിൽക്കരം നിശ്ചയിക്കേണ്ട ആവശ്യത്തിലേക്കായി കമ്പനികളെയും വ്യക്തികളെയും അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചട്ടത്തിലെ പട്ടികയിൽ പറയും പ്രകാരം തരംതിരിക്കേണ്ടതും പരമാവധി തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

(II) ചട്ടം (5) പ്രകാരം കമ്പനിയുടെയോ വ്യക്തിയുടെയോ ആദായവും ലാഭവും നിർണയിക്കാൻ പറ്റാതിരിക്കുകയും അല്ലെങ്കിൽ അത്തരം കമ്പനിയോ, വ്യക്തിയോ ആദായ നികുതിയോ കാർഷികാദായ നികുതിയോ കണക്കാക്കാതിരിക്കുകയും ചെയ്താൽ അത്തരം കമ്പനിയുടെയോ വ്യക്തിയുടെയോ ആ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ബിസിനസ് നടത്തിയതിന്റെ ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ ആറാം ചട്ടത്തിൽ പറയുന്ന രീതിയിൽ അർദ്ധ വാർഷിക വരുമാനം കണക്കാക്കേണ്ടതാണ്.

(III) ചട്ടം (10) പ്രകാരം കമ്പനിയോ ഏജന്റോ ആ അർദ്ധവർഷത്തെ ആദായം കാണിക്കുന്ന റിട്ടേൺ സമർപ്പിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

എന്നാൽ വാണിജ്യ സ്ഥാപനങ്ങളിൽ നിന്നോ, വ്യക്തികളിൽ നിന്നോ മേൽ ചട്ടങ്ങൾ പ്രകാരമുള്ള റിട്ടേണുകൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ ട്രേഡേഴ്സിൽ നിന്നും സ്ഥാപന തൊഴിൽ നികുതി നിശ്ചയിച്ചതിന്റെ കൃത്യത ഉറപ്പു വരുത്താനായിട്ടില്ല. ട്രേഡേഴ്സിൽ നിന്നും വാർഷിക വരുമാനം സംബന്ധിച്ച്, മേൽ ചട്ടങ്ങൾ പ്രകാരമുള്ള രേഖകളുടെ അടിസ്ഥാനത്തിൽ വരും വർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) തൊഴിൽ നികുതി പരിഷ്കരണം – സർക്കാർ ഉത്തരവ് പാലിക്കപ്പെടുന്നില്ല

തദ്ദേശസ്വയംഭരണ (ആർ സി) വകുപ്പിന്റെ 27/6/2024 തീയതിയിലെ സ.ഉ (സാധാ) നമ്പർ 1149/2024 എൽ എസ് ജി ഡി ഉത്തരവ് പ്രകാരം തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിച്ച് 2024 രണ്ടാം അർദ്ധ വർഷം മുതൽ പ്രാബല്യം വരുത്തി ഉത്തരവിറക്കിയിരുന്നു . പുതുക്കിയ നിരക്കുകൾ താഴെ ചേർക്കുന്നു.

| ക്രമ നം | അർദ്ധ വാർഷിക വരുമാനം | നിലവിലുള്ള നിരക്ക് | പുതുക്കിയ നിരക്ക് |
|---|---|---|---|
| 1 | 11,999 വരെ | ഇല്ല | ഇല്ല |
| 2 | 12,000 – 17,999 | 120 | 320 |
| 3 | 18,000 – 29,999 | 180 | 450 |
| 4 | 30,000 – 44,999 | 300 | 600 |
| 5 | 45,000 – 99,999 | 450/600/750 | 750 |
| 6 | 1,00,000 – 1,24,999 | 1,000 | 1,000 |
| 7 | 1,25,000 മുതൽ | 1,250 | 1,250 |

എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ, മേൽ ഉത്തരവ് പ്രകാരമുള്ള വർദ്ധനവ് വരുത്താതെയാണ് ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ നൽകുന്നു

| ക്രമ നം | സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | ജോസൺസ് ഹാർഡ് വെയേഴ്സ് | ഷാജു കെ.സി. | 44500 | 300 | 600 | 300 |
| | | ശാലിനി | 42,000 | 300 | 600 | 300 |
| | | ശ്രേയ സുരേഷ് | 38,000 | 300 | 600 | 300 |
| | | അമൃത ജോയ് | 44,500 | 300 | 600 | 300 |
| 2 | MES പബ്ലിക് സ്കൂൾ പി വെമ്പല്ലൂർ | റോഷിനി സി .യു. | 70,404 | 600 | 750 | 150 |
| | | ഹേമ ലത ടി.ഡി | 67,698 | 600 | 750 | 150 |
| | | രമ്യ എൻ.ആർ | 67,698 | 600 | 750 | 150 |
| | | ഷിജി കെ.എം | 72,198 | 600 | 750 | 150 |
| | | ബിന്ദു എ.ആർ. | 62,587 | 600 | 750 | 150 |

| | | | | | | |
|---|---|---|---|---|---|---|
| | | ലിജി കെ.ബി. | 70,493 | 600 | 750 | 150 |
| | | സാബു വി.എം | 69,498 | 600 | 750 | 150 |
| | | നെഹ്റാബി എൻ.എ. | 67,698 | 600 | 750 | 150 |
| | | റാണി പി.എസ് | 64,235 | 600 | 750 | 150 |
| | | ഫസ്ന എ.ബി. | 65,298 | 600 | 750 | 150 |
| | | സജന ഷംസുദ്ദീൻ | 72,000 | 600 | 750 | 150 |
| | | സൽമ ഇ.എസ്. | 57,420 | 450 | 750 | 300 |
| | | ജസീന കെ.കെ. | 55,500 | 450 | 750 | 300 |
| | | ജസീറ | 48,000 | 450 | 750 | 300 |
| | | ദേവദാസ് കെ. | 51,000 | 450 | 750 | 300 |
| | | തങ്കമണി ഇ.വി. | 48,000 | 450 | 750 | 300 |
| | | സബന വി.എസ് | 45,900 | 450 | 750 | 300 |
| | | അബ്ദുൾ ഖാദർ ആർ.കെ. | 63,000 | 600 | 750 | 150 |
| | | ഷജീൻ എം.വി. | 60,600 | 600 | 750 | 150 |
| 3 | ബ്രില്ല്യന്റ് ഗ്രൂപ്പ് ഇൻഡ്യ | വിജേഷ് കൈതക്കാട്ട് | 55,000 | 450 | 750 | 300 |
| | | ജിതിൻ ചെട്ടിയാട്ടിൽ | 35,000 | 300 | 600 | 300 |
| | | ഫസൽ പിച്ചത്തറ | 40,000 | 300 | 600 | 300 |
| | | അഖിൽ പറപറമ്പിൽ | 41,000 | 300 | 600 | 300 |
| | | ശ്യാം പൊന്നാംമ്പുള്ളി | 52,000 | 450 | 750 | 300 |
| | | മജീദ് കറപ്പംവീട്ടിൽ | 42,000 | 300 | 600 | 300 |
| | | ഡാലിയ കൊടക്കാട്ട് | 35,000 | 300 | 600 | 300 |
| | | സരിത പുലിപ്പറമ്പിൽ | 36,000 | 300 | 600 | 300 |
| 4 | ശാന്തിപുരം പോസ്റ്റ് ഓഫീസ് | ശ്രുതി കെ.എം. | 72,000 | 600 | 750 | 150 |
| | | ഹിൻഷ എം.എച്ച്. | 72,000 | 600 | 750 | 150 |
| ആകെ വ്യത്യാസം | | | | | | 7,650 |

മേൽ പറഞ്ഞവർ പരിഷ്കരിച്ച തൊഴിൽ നികുതി സ്ലാബിനനുസരിച്ച് തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം.6/24.10.25) മറുപടി ലഭ്യമാക്കിയില്ല. മേൽ ജീവനക്കാരിൽ നിന്നും പരിഷ്കരിച്ച തൊഴിൽ നികുതി സ്ലാബിനനുസരിച്ച് തൊഴിൽ നികുതി ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

3) ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാതെ ജീവനക്കാരുടെ തൊഴിൽ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ഫയൽ നം | സ്ഥാപനം | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 4048/2024 | വീ കെയർ മെഡിക്കൽ സെന്റർ | 8 |

| | | | |
|---|---|---|---|
| | | പോഴങ്കാവ് | |
| 2 | 2590/2024 | ആൽഫ ഏജൻസീസ് | 12 |
| 3 | 3170/2024 | ഗ്ലാമർ ബേക്കറി | 6 |
| 4 | 4708/2024 | സ്കോട്ട് ബേക്കേഴ്സ് & കഫേ | 4 |
| 5 | 4362/2024 | ക്രാഫ്റ്റ് മെയ്ഡ് ശാന്തിപുരം | 5 |
| 6 | 4599/2024 | പി കെ എസ് ഇവന്റ് മാനേജ്മെന്റ് | 5 |
| 7 | 2866/2024 | അശ്വതി അക്വാടെക് | 8 |
| 8 | 2865/2024 | ക്യൂൻസ് ഹാച്ചറി | 10 |
| 9 | 3793/2024 | ഇ എസ് മെറ്റൽസ് | 5 |
| 10 | 3908/2024 | ഫ്യൂച്ചർ | 4 |
| 11 | 1169/2024 | ശ്രീ ധനലക്ഷ്മി | 6 |

മേൽ സ്ഥാപനത്തിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം.6/24.10.25) മറുപടി ലഭ്യമാക്കിയില്ല.മേൽ സ്ഥാനങ്ങളിലെ ജീവനക്കാർ തൊഴിൽനികുതി നിർണ്ണയ സ്ലാബിൽ ഉൾപ്പെടുന്നുണ്ടെങ്കിൽ നിയമാനുസൃത തൊഴിൽനികുതി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

4) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് മരാമത്ത് പ്രവൃത്തികളുടെ 2024-25 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ മേൽ ചട്ട പ്രകാരമുള്ള രേഖകൾ സമർപ്പിച്ചതായോ, കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായോ കാണുന്നില്ല. കരാറുകാരുടെ പേരുവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | കരാറുകാരൻ/കരാർ ഏറ്റെടുത്ത സ്ഥാപനം |
|---|---|
| 1 | ഉണ്ണികൃഷ്ണൻ കോളംവീട്ടിൽ |
| 2 | സച്ചിൽ മണലിക്കാട്ടിൽ |
| 3 | സത്യൻ കണിയാത്ത് |
| 4 | സജീവൻ പണിക്കാട്ടിൽ |
| 5 | രഞ്ജിത്ത് തേലപ്പറമ്പിൽ |
| 6 | വിനു ശിവദാസ് മണലിക്കാട്ടിൽ |
| 7 | രാഹുൽ ചെമ്പനേഴത്ത് |
| 8 | രാജീവ് വാഴൂർ |

മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ അഥവാ അവർ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടവാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം.6/24.10.25) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

5. സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാതെ ജീവനക്കാരുടെ തൊഴിൽ നികുതി മാത്രം ഈടാക്കിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | KSEB | I & II |
| 2 | KSFE എസ് എൻ പുരം | I & II |
| 3 | കൊടുങ്ങല്ലൂർ ടൌൺ കോപ്പറേറ്റീവ് ബാങ്ക് | I & II |
| 4 | പൂവത്തും കടവിൽ ബാങ്ക് | I & II |
| 5 | നാട്ടിക ഫർക്ക കോപ്പറേറ്റീവ് ബാങ്ക് | I & II |
| 6 | കനറ ബാങ്ക് | I & II |
| 7 | നാട്ടിക ഫർക്ക റൂറൽ ബാങ്ക് കോതപറമ്പ് | I & II |
| 8 | മണപ്പുറം ഫിനാൻസ് എസ് എൻ പുരം | I & II |
| 9 | മണപ്പുറം ഫിനാൻസ് കോതപറമ്പ് | I & II |
| | | |